# Official Spokesperson's response to media queries regarding Pakistan's proposal to reopen the Kartarpur corridor

October 03, 2020

**ഖർത്തർപുർ ഇടനാഴി തുറക്കുന്നതിനായുള്ള പാകിസ്താന്റെ അഭ്യർത്ഥന സംബന്ധിച്ചുള്ള മാധ്യമ അന്വേഷണങ്ങൾക്ക് ഔദ്യോഗിക വക്താവിന്റെ മറുപടി.**

ഒക്ടോബർ 03, 2020

ഖർത്തർപുർ ഇടനാഴി തുറക്കുന്നത് സംബന്ധിച്ച് പാകിസ്ഥാൻ നടത്തിയ അഭ്യർത്ഥന മേലുള്ള മാധ്യമ അന്വേഷണങ്ങൾക്ക് ഔദ്യോഗിക വക്താവ് ശ്രീ അനുരാഗ് ശ്രീവാസ്തവയുടെ പ്രതികരണം ഇപ്രകാരമായിരുന്നു.

നിങ്ങൾക്കറിയാമല്ലോ നമ്മളെല്ലാം തന്നെ കോവിഡ്-19 മഹാമാരിയുടെ നിഴലിലാണ്. നമ്മൾ ഇത് സംബന്ധിച്ച് എല്ലാ അധികാരികളോടും ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിലെ മന്ത്രിമാരോടും അന്വേഷിച്ചിരുന്നു. ഇടനാഴി തുറക്കുന്നതിനുള്ള തീരുമാനം കോവിഡ് പ്രോട്ടോകോളുകൾക്ക് വിധേയമായിരിക്കും കൂടാതെ പ്രവേശനം നിയന്ത്രിതവുമായിരിക്കും.

കഴിഞ്ഞ വർഷം ഖർത്തർപുർ ഇടനാഴി തുറക്കുകയും 2019 ഒക്ടോബറിൽ ഇത് സംബന്ധിച്ച ഉഭയകക്ഷി ഉടമ്പടി ഒപ്പുവയ്ക്കുകയും ചെയ്തപ്പോൾ, തീർത്ഥാടകരുടെ സുരക്ഷിതവും എളുപ്പവുമായ സഞ്ചാരത്തിനായി ഇരു രാജ്യങ്ങളും ബുദ്ധി രവി പാതയിലെ പാലം എന്നിവപോലെ ആവശ്യമായ നിർമാണ പ്രവർത്തനങ്ങൾ പെട്ടന്ന് തന്നെ നടത്തുന്നതാണെന്ന് സമ്മതിച്ചിരുന്നു. എന്നാൽ ഒരു വർഷമായിട്ടും പാകിസ്താന്റെ ഭാഗത്തു നിന്നുള്ള പാലം നിർമാണം പൂർത്തിയായിട്ടില്ല എന്നാൽ ഇന്ത്യ അത് പൂർത്തിയാക്കിക്കഴിഞ്ഞിരിക്കുന്നു. 2020 ഓഗസ്റ്റ് 27 ന് ഇരു വിഭാഗങ്ങളും ഉൾപ്പെടുന്ന ഒരു സാങ്കേതിക വിഭാഗത്തിലുള്ള സമ്മേളനവും ഒരുക്കിയിരുന്നു. എന്നിരുന്നാലും പാകിസ്താന്റെ ഭാഗത്തു നിന്നും ഇത് വരെ പുരോഗതികൾ ഒന്നും തന്നെ ഉണ്ടായിട്ടില്ല.

ന്യൂ ഡൽഹി
ഒക്ടോബർ 03, 2020

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.